**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **20-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ എന്ന് മുതൽക്കുള്ള പണമാണ് കർഷകർക്ക് വിതരണം ചെയ്യാതെ കുടിശികയായുള്ളത്; ആകെ എത്ര രൂപയാണ് ഇപ്രകാരം സംസ്ഥാനത്തെ കർഷകർക്കെല്ലാം കൂടി കുടിശികയായി നൽകാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള കുടിശികയിൽ എസ്.ബി.ഐക്ക് 29/04/2024 മുതലും കാനറ ബാങ്കിന് 06/05/2024 മുതൽ ജനറേറ്റ് ചെയ്ത പെയ്മെന്റ് ഓർഡറുകൾക്കുള്ള തുകയാണ് ഇനി നൽകുവാനുള്ളത്. 40633 കർഷകർക്ക് 312.83 കോടി രൂപ നൽകുവാനുണ്ട്<br><br>ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കുടിശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുകയാണ്. നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യമുള്ളതു കൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി പി.ആർ.എസ് വായ്പാപദ്ധതി മുഖാന്തിരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക ലഭ്യമാകുന്നത്. സാധാരണഗതിയിൽ നെല്ല് സംഭരണസമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ് (Paddy Receipt Sheet) |

| | | | |
|---|---|---|---|
| | | | വായ്പാപദ്ധതി മുഖേന സംഭരണ വില നൽകുന്നത്. കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. |
| (സി) | നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് സപ്ലൈകോയ്ക്ക് നൽകാനുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | നെല്ല് സംഭരിച്ച വകയിൽ 2017-18 മുതൽ 2024-25 വരെ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ 1079.5 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞു വച്ചിട്ടുണ്ട്. തടഞ്ഞു വച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധം II ചേർക്കുന്നു<br><br>സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ 674.63 കോടി, സിഎംആർ അരിയുടെ വിലയിനത്തിൽ 79.93 കോടി, കേന്ദ്ര അനുപാതത്തിൽ (68%CMR) സംസ്ഥാന സർക്കാർ (64.5%CMR) ഇളവു വരുത്തിയത് മൂലം (Out Turn Ratio difference) സപ്ലൈകോയ്ക്ക് നൽകുവാനുള്ള 350.33 കോടി (2021-22 സീസൺ വരെ നൽകുവാനുള്ള 286.96 കോടി രൂപ+ 2022-23 സീസണിൽ നൽകുവാനുള്ള 63.37 കോടി) കൂടിഉൾപ്പെടെ 1104.89 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ജില്ല | കർഷകരുടെ എണ്ണം | നൽകുവാനുള്ള തുക(കോടിയിൽ) |
|---|---|---|
| തൃശ്ശൂർ | 8986 | 64.90 |
| കോട്ടയം | 2666 | 21.10 |
| എറണാകുളം | 102 | 1.12 |
| ഇടുക്കി | 6 | 0.01 |
| തിരുവനന്തപുരം | 477 | 1.65 |
| പത്തനംതിട്ട | 1952 | 21.91 |
| കൊല്ലം | 327 | 2.61 |
| ആലപ്പുഴ | 8824 | 76.15 |
| പാലക്കാട് | 13582 | 89.94 |
| കോഴിക്കോട് | 264 | 1.68 |
| വയനാട് | 39 | 0.22 |
| കണ്ണൂർ | 501 | 2.04 |
| കാസർകോട് | 342 | 1.20 |
| മലപ്പുറം | 2565 | 28.30 |
| | 40633 | 312.83 |

**അനുബന്ധം II**

| കേന്ദ്ര സർക്കാർ തടഞ്ഞു വച്ച തുക | | | |
|---|---|---|---|
| Financial year | Amount Claimed (Cr) | Sanctioned amount (Cr) | Pending amount from GOI (Cr) |
| 2017-18 | 742.68 | 736.31 | 6.37 |
| 2018-19 | 538.2 | 531.66 | 6.54 |
| 2019-20 | 1221.76 | 1125.11 | 96.65 |
| 2020-21 | 1269.25 | 1254.15 | 15.10 |
| 2021-22 | 1380.91 | 1349.02 | 31.89 |
| 2022-23 | 1491.64 | 1140.41 | 351.23 |
| 2023-24 | 1320.50 | 1125.12 | 195.38 |
| 2024-25 | 376.34 | 0 | 376.34 |
| TOTAL | **8341.28** | **7261.78** | **1079.5** |